**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.04.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. റിസർവ് ബാങ്കിൻറെ 90-ാം വാർഷികാഘോഷങ്ങളുടെ സമാപനച്ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പങ്കെടുക്കും.

   **President Droupadi Murmu will attend the closing ceremony of the 90th anniversary celebrations of the Reserve Bank of India today.**

2. ചിലി പ്രസിഡൻറ് ഗബ്രിയേൽ ബോറിക് അഞ്ചു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും ; പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തും.

   **President of Chile is on a five-day visit to India from today. Prime Minister Narendra Modi will hold talks with President of Chile.**

3. വഖഫ് ഭേദഗതി ബില്ലിനെ കുറിച്ചുള്ള തെറ്റായ പ്രചാരണങ്ങൾ അപലപനീയമെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു.

   **Union Minority Affairs Minister Kiren Rijiju said that misguiding the innocent people about Waqf Amendment Bill is condemnable.**

4. കേന്ദ്ര - സംസ്ഥാന ബജറ്റുകളിൽ പ്രഖ്യാപിച്ച നിരക്ക് വർധനകളും ഇളവുകളും ഇന്ന് മുതൽ പ്രാബല്യത്തിൽ.

   **The rate hikes and concessions announced in the Union and State budgets will come into effect from today.**

5. **ഐപിഎൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ മുംബൈ ഇന്ത്യൻസിന് ജയം ; ലോക കപ്പ് ബോക്സിംഗിൽ ഇന്ത്യയുടെ സച്ചിനും വിശാലും സെമിയിൽ കടന്നു.**

**In IPL T20 Cricket, Mumbai Indians defeated Kolkata Knight Riders ; And in World Cup Boxing Indian boxers Sachin and Vishal secure direct entries to the semifinals.**

***********************************

## PRESIDENT – RBI

റിസർവ് ബാങ്കിൻറെ 90-ാം വാർഷികാഘോഷ സമാപനച്ചടങ്ങിൽ - രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പങ്കെടുക്കും. കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ, ആർ ബി ഐ ഗവർണർ സഞ്ജയ് മൽഹോത്ര, മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നവീസ് തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരിക്കും. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് രാഷ്ട്രപതി മുംബൈയിലെത്തിയത്. വിമാനത്താവളത്തിൽ എത്തിയ ശ്രീമതി മുർമുവിനെ ഗവർണർ സി പി രാധാകൃഷ്ണനും ഉപമുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെയും ചേർന്ന് സ്വീകരിച്ചു.

***********************************

## CHILE PREZ VISIT ...INTRO

ചിലി പ്രസിഡന്റ് ഗബ്രിയേൽ ബോറിക് അഞ്ചു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. ഇരു രാജ്യങ്ങളും തമ്മിലുള്ള 75 വർഷത്തെ നയതന്ത്ര ബന്ധം കൂടുതൽ ദൃഢമാക്കുന്നതിന് സന്ദർശനം സഹായകമാകും. **വിശദാംശങ്ങളിലേയ്ക്ക്.....**

**(വോയ്സ്)**

ചിലി പ്രസിഡൻറ് പദവിയിൽ എത്തിയ ശേഷം ഗബ്രിയേൽ ബോറിക് നടത്തുന്ന ആദ്യ ഇന്ത്യാ സന്ദർശനമാണിത്. പ്രധാനമന്ത്രി നരേന്ദ്ര

മോദിയുമായി ഇന്ന് ഉച്ചതിരിഞ്ഞ് അദ്ദേഹം കൂടിക്കാഴ്ച നടത്തും. രാഷ്ട്രപതി ദ്രൗപദി മുർമു ഒരുക്കുന്ന വിരുന്നിലും ചിലി പ്രസിഡൻറ് പങ്കെടുക്കും. സന്ദർശനത്തിന്റെ ഭാഗമായി പ്രസിഡന്റ് ബോറിക് ആഗ്ര, മുംബൈ, ബെംഗളൂരു എന്നിവിടങ്ങളിലും സന്ദർശിക്കും. വ്യാപാര- വ്യവസായ പ്രതിനിധികൾ, സ്റ്റാർട്ടപ്പുകൾ, സാങ്കേതിക വിദഗ്ധർ എന്നിവരുമായി മുംബൈയിലും ബെംഗളൂരുവിലും അദ്ദേഹം കൂടിക്കാഴ്ച നടത്തും. ലാറ്റിൻ അമേരിക്കൻ മേഖലയിൽ ഇന്ത്യയുടെ പ്രധാന പങ്കാളിയാണ് ചിലി. യു എൻ സുരക്ഷാ കൗൺസിൽ പരിഷ്കാരങ്ങൾ, കാലാവസ്ഥാ വ്യതിയാനം, പുനരുപയോഗ ഊർജ്ജം, ഭീകരവാദം എന്നിവയുൾപ്പെടെ നിരവധി അന്താരാഷ്ട്ര വിഷയങ്ങളിൽ ഇരു രാജ്യങ്ങൾക്കും പൊതുവായ കാഴ്ചപ്പാടുകളുണ്ട്. ഈ മാസം 5 ന് പ്രസിഡന്റ് ബോറിക് ചിലിയിലേക്ക് മടങ്ങും. ന്യൂസ് ഡസ്ക്, ആകാശവാണി....

*************************************

## PENSION SCHEME

കേന്ദ്ര സർക്കാർ ജീവനക്കാർക്കുള്ള ഏകീകൃത പെൻഷൻ പദ്ധതി ഇന്ന് മുതൽ പ്രാബല്യത്തിൽ. ദേശീയ പെൻഷൻ സംവിധാനത്തിന് കീഴിലാണ് പദ്ധതി. ഏകീകൃത പെൻഷൻ പദ്ധതി സംബന്ധിച്ച് പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി നേരത്തേ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 23 ലക്ഷം കേന്ദ്ര സർക്കാർ ജീവനക്കാർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

*************************************

## VAISHNAW-CBI LECTURE

സിബിഐയുടെ 62-ാം സ്ഥാപക ദിനം ഇന്ന്. ന്യൂഡൽഹിയിൽ നടക്കുന്ന ആഘോഷ പരിപാടിയിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്, - സിബിഐ സ്ഥാപക ഡയറക്ടർ ഡിപി കോഹ്ലി അനുസ്മരണ പ്രഭാഷണം നടത്തും. ചടങ്ങിൽ വിശിഷ്ട സേവനത്തിനുള്ള

രാഷ്ട്രപതിയുടെ പൊലീസ് മെഡലുകളും സ്തുത്യർഹ സേവനത്തിനുള്ള പൊലീസ് മെഡലുകളും കേന്ദ്രമന്ത്രി സമ്മാനിക്കും.

***********************************

## NIRMALA SITARAMAN – PORTAL

നിതി-എൻകെയർ സ്റ്റേറ്റ്സ് ഇക്കണോമിക് ഫോറം പോർട്ടലിന്റെ ഉദ്ഘാടനം കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് ന്യൂഡൽഹിയിൽ നിർവ്വഹിക്കും. നിതി ആയോഗും നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക് റിസർച്ചും സംയുക്തമായാണ് പോർട്ടൽ വികസിപ്പിച്ചത്. 1990 മുതൽ 2023 വരെ ഏകദേശം 30 വർഷക്കാലയളവിലുള്ള സാമൂഹിക, സാമ്പത്തിക, ധനകാര്യ, ഗവേഷണ വസ്തുതകളും പ്രബന്ധങ്ങളും ഉൾപ്പെടെ സമഗ്രമായ വിവരങ്ങൾ പോർട്ടലിൽ ലഭ്യമാണ്.

***********************************

## GADKARI– E VEHICLES

രാജ്യത്തെ വായു മലിനീകരണ ഭീഷണി കുറയ്ക്കുന്നതിന് വൈദ്യുത വാഹനങ്ങളാണ് ഏറ്റവും മികച്ച മാർഗമെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. വായു മലിനീകരണം രാജ്യം നേരിടുന്ന വലിയ വെല്ലുവിളിയാണെന്നും എന്നാൽ ഇത് ഇല്ലാതാക്കാനുള്ള ഉത്തരവാദിത്തം സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. 2030 ഓടെ വൈദ്യുത വാഹനങ്ങളുടെ ഉത്പാദനത്തിൽ ഇന്ത്യ മുൻപന്തിയിലെത്തുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

***********************************

## SHAH– DRUGS

ഡൽഹി കേന്ദ്രമായ വൻ മയക്കുമരുന്ന് ശൃംഖല തകർത്തതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. ഡൽഹി നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോയും - പൊലീസും സംയുക്തമായി നടത്തിയ തെരച്ചിലിൽ 27 കോടി രൂപയിലധികം വിലമതിക്കുന്ന ലഹരിവസ്തുക്കൾ

പിടിച്ചെടുത്തു. നാല് ആഫ്രിക്കൻ പൗരന്മാർ ഉൾപ്പെടെ അഞ്ച് പേരെ അറസ്റ്റ് ചെയ്യതായും അദ്ദേഹം അറിയിച്ചു.

***********************************

## RATE INCREASE

കേന്ദ്ര - സംസ്ഥാന ബജറ്റുകളിൽ പ്രഖ്യാപിച്ച നിരക്ക് വർധനകളും ഇളവുകളും ഇന്ന് മുതൽ പ്രാബല്യത്തിൽ. കേരളത്തിൽ ഭൂനികുതിയിൽ 50 ശതമാനവും 23 ഇനം കോടതി ഫീസുകളിലും വർധനയുണ്ട്. 15 വർഷം കഴിഞ്ഞ ഇരുചക്ര വാഹനങ്ങൾക്കും, മുച്ചക്ര വാഹനങ്ങൾക്കും, റോഡ് നികുതി 1,350 രൂപയാകും. ഇരുചക്ര- മുച്ചക്ര ഇലക്ട്രിക് വാഹനങ്ങളൊഴികെ മറ്റ് ഇലക്ട്രിക് വാഹനങ്ങൾക്ക്, നിലവിലുള്ള 5 ശതമാനം നികുതിയിൽ നിന്ന് വാഹനത്തിന്റെ വില അനുസരിച്ച് വർധന വരുത്തിയിട്ടുണ്ട്.

***********************************

## MYANMAR QUAKE

ഭൂകമ്പത്തിൽ ദുരിതം അനുഭവിക്കുന്ന മ്യാൻമറിനുള്ള ഇന്ത്യയുടെ രക്ഷാദൗത്യം, ഓപ്പറേഷൻ ബ്രഹ്മയുടെ ഭാഗമായി രക്ഷാപ്രവർത്തനങ്ങൾ ആരംഭിച്ചു. ഐഎൻഎസ് സത്പുര, ഐഎൻഎസ് സാവിത്രി എന്നീ നാവികസേനാ കപ്പലുകളിൽ എത്തിച്ച മാനുഷിക സഹായങ്ങൾ, മ്യാൻമറിലെ ഇന്ത്യൻ അംബാസഡർ അഭയ് താക്കൂർ യാങ്കോണിൽ കൈമാറി. ദുരിതബാധിതരെ സഹായിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് എംബസി വ്യക്തമാക്കി. വെള്ളിയാഴ്ചയുണ്ടായ ഭൂകമ്പത്തിൽ മരണസംഖ്യ 2000 കവിഞ്ഞു. മ്യാൻമറിൽ ഏഴ് ദിവസത്തെ ദേശീയ ദുഃഖാചരണവും പ്രഖ്യാപിച്ചിട്ടുണ്ട്.

***********************************

## BREAK..........

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

*********************************

## IPL T20 CRICKET

ഐപിഎൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ മുംബൈ ഇന്ത്യൻസിന് ജയം. ഇന്നലെ മുംബൈയിലെ വാങ്കഡെ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ മുംബൈ ഇന്ത്യൻസ് എട്ട് വിക്കറ്റിന് പരാജയപ്പെടുത്തി. ആദ്യം ബാറ്റ് ചെയ്ത കൊൽക്കത്ത 16.2 ഓവറിൽ 116 റൺസിന് പുറത്തായി.117 റൺസ് വിജയലക്ഷ്യവുമായി മറുപടി ബാറ്റിങ്ങിനിറങ്ങിയ മുംബൈ ഇന്ത്യൻസ് 12.5 ഓവറിൽ വിജയം നേടി. ഇന്ന് നടക്കുന്ന മത്സരത്തിൽ ലഖ്നൗ സൂപ്പർ ജയന്റ്സ്, പഞ്ചാബ് കിംഗ്സിനെ നേരിടും. ലഖ്നൗവിലെ ഏകാന സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

*********************************

## WORLD CUP BOXING-BRAZIL

ബ്രസീലിൽ നടക്കുന്ന ലോക കപ്പ് ബോക്സിംഗിൽ, 60 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ സച്ചിനും 90 കിലോഗ്രാം വിഭാഗത്തിൽ വിശാലും സെമിഫൈനലിലേക്ക് നേരിട്ട് പ്രവേശനം നേടി. 80 കിലോഗ്രാം പ്രീ-ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ ലക്ഷ്യ ചാഹർ മത്സരിക്കും. ഏഷ്യൻ ഗെയിംസ് വെങ്കല മെഡൽ ജേതാവ് നരേന്ദർ ബെർവാൾ ആണ് 10 അംഗ ഇന്ത്യൻ പുരുഷ സംഘത്തെ നയിക്കുന്നത്.

*********************************

## RIJIJU- WAQF BILL.. INTRO

വഖഫ് ഭേദഗതി ബിൽ പാർലമെൻറിൽ അവതരിപ്പിക്കുമ്പോൾ വിശദമായ ചർച്ചയിൽ പങ്കെടുക്കണമെന്ന്, എല്ലാ രാഷ്ട്രീയ പാർട്ടികളോടും അഭ്യർത്ഥിച്ച് കേന്ദ്ര മന്ത്രി കിരൺ റിജിജു. ചില നേതാക്കൾ ബില്ലിനെക്കുറിച്ച് നുണകൾ പ്രചരിപ്പിക്കുന്നുണ്ടെന്നും ഇത് സമൂഹത്തിനും രാജ്യത്തിനും വളരെ

ദോഷകരമാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. നിരപരാധികളായ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള ഇത്തരം ശ്രമങ്ങൾ അപലപനീയമാണെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

(വോയ്സ്)

***********************************

## UNIVERSITY OF KERALA – ANSWER PAPER

കേരള സർവ്വകലാശാലയിലെ എംബിഎ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട സംഭവത്തിൽ പരീക്ഷ വിഭാഗത്തിന്റെ അടിയന്തര യോഗം ഇന്ന് ചേരും. വിദ്യാർത്ഥികൾക്ക് പ്രയാസം ഉണ്ടാകാത്ത തരത്തിൽ പ്രശ്നപരിഹാരത്തിന് ശ്രമിക്കുമെന്നാണ് സർവ്വകലാശാലയുടെ നിലപാട്.

***********************************

## SABARIMALA

പൈങ്കുനി ഉത്രം മഹോത്സവം – മേട മാസ, വിഷു പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്നു വൈകിട്ട് നാലിനു തുറക്കും. നാളെ രാവിലെ സന്നിധാനത്ത് കൊടിയേറ്റു നടക്കും. പമ്പയിൽ ഈ മാസം 11-നാണ് ആറാട്ട്.

***********************************

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ സെമി ഫൈനൽ മത്സരങ്ങൾക്ക് നാളെ തുടക്കം. ഗോവ – ബംഗളുരുവിനെയും മോഹൻ ബഗാൻ – ജംഷഡ്പുരിനെയും നേരിടും. ഈ മാസം 12 നാണ് ഫൈനൽ.

***********************************

## TRUMP – ENTERTAINMENT INDUSTRY

അമേരിക്കയിൽ വിനോദ വ്യവസായ മേഖലയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനുള്ള ഉത്തരവിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഒപ്പുവച്ചു. ഓൺലൈൻ ടിക്കറ്റ് തട്ടിപ്പിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനും സുതാര്യത ഉറപ്പാക്കാനും ഉത്തരവിൽ നിർദ്ദേശമുണ്ട്.

*********************************

## WAVES

മുംബൈയിലെ ജിയോ വേൾഡ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന വേവ്സ് ഉച്ചകോടിയുടെ ആദ്യപതിപ്പിൽ കരുത്തുറ്റ സാന്നിധ്യമറിയിക്കാൻ ഒരുങ്ങുകയാണ് വേവ്സ് ബസാർ. കേന്ദ്രസർക്കാരാണ് മാധ്യമ-വിനോദ മേഖലയിലെ നാഴികക്കല്ലായ പ്രഥമ ദൃശ്യ-ശ്രവ്യ-വിനോദ ഉച്ചകോടി WAVES ഒരുക്കുന്നത്. മെയ് 1 മുതൽ 4 വരെ നടക്കുന്ന വേവ്സ് ഉച്ചകോടി ഇന്ത്യയെ ആഗോള ഉള്ളടക്ക നിർമ്മാണ കേന്ദ്രമാക്കുന്നതിനു ലക്ഷ്യമിട്ടാണ് സംഘടിപ്പിക്കുന്നത്.

*********************************

## AUTISM AWARENESS DAY

ലോക ഓട്ടിസം ബോധവത്കരണ ദിനാചരണത്തിന് മുന്നോടിയായി കേരള സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്ന് "റൺ ഫോർ ഓട്ടിസം" മാരത്തോണും വാക്കത്തോണും സംഘടിപ്പിക്കും. രാവിലെ 7.30 ന് ഇരിങ്ങാലക്കുട ടൗൺഹാളിലാണ് പരിപാടി. ദിനാചരണത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും സംവാദങ്ങളും ചർച്ചകളും സംഘടിപ്പിക്കും.

*********************************

## MARINE LE PEN- EUROPEAN UNION

യൂറോപ്യൻ യൂണിയൻ ഫണ്ട് ദുരുപയോഗം ചെയ്ത കേസിൽ, വലതുപക്ഷ നേതാവ് മറീൻ ലെ പെന്നിന് ഫ്രഞ്ച് കോടതി ജയിൽ ശിക്ഷ വിധിച്ചു. ഔദ്യോഗിക പദവികൾ വഹിക്കുന്നതിൽ നിന്നും വിലക്കും ഏർപ്പെടുത്തി. ഒരു ലക്ഷത്തി എണ്ണായിരം ഡോളർ പിഴ അടയ്ക്കാനും കോടതി ഉത്തരവിട്ടു. നാഷണൽ റാലി പാർട്ടിയിലെ അംഗങ്ങൾക്ക് പണം നൽകുന്നതിനായി, ലെ പെൻ യൂറോപ്യൻ പാർലമെന്റ് ഫണ്ടിൽ നിന്ന് 3.3 മില്യൺ ഡോളറിലധികം ഉപയോഗിച്ചതായി പാരീസ് കോടതി കണ്ടെത്തിയിരുന്നു.

************************************************************************************************

******************

***********************************